**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 421** **05-10-2021 - ൽ മറുപടിയ്ക്ക്**

**കെ ഫോൺ പദ്ധതിയിൽ കിഫ്ബി നൽകുന്ന വായ്പയുടെ പലിശ നിരക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കെ ഫോൺ പദ്ധതിയുമായി ബന്ധപ്പെട്ട് കിഫ്ബി നൽകുന്ന വായ്പയുടെ പലിശ നിരക്ക് നിർണയിച്ചത് പദ്ധതി നിർവഹണത്തിന്റെ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ; | (എ) | കിഫ്ബിയുടെ ധനാനുമതി പുനർനിർണയിച്ച് നൽകിയ ഘട്ടത്തിലാണ് വായ്പയുടെ പലിശ നിരക്ക് നിർണയിച്ച് പദ്ധതി നിർവ്വഹണ ഏജൻസിയെ അറിയിച്ചിട്ടുള്ളത്. |
| (ബി) | കിഫ്ബി വായ്പകളിൽ തിരിച്ചടവിന്റെ പലിശനിരക്ക് നിർണയിക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ വെളിപ്പെടുത്താമോ? | (ബി) | കിഫ്ബിയും, ഭരണവകുപ്പും പദ്ധതിയുടെ നിർവഹണ ഏജൻസിയും തമ്മിൽ ഏർപ്പെട്ടിരിക്കുന്ന ത്രികക്ഷി കരാറിലെ വ്യവസ്ഥകൾ പ്രകാരം, പദ്ധതി വിഹിതത്തിന്റെ 40 ശതമാനം തുക അനുവദിക്കുന്നതിനു മുൻപാണ് കിഫ്ബി പദ്ധതി നിർവ്വഹണ ഏജൻസിയുമായി തിരിച്ചടവ് കരാറിൽ ഏർപ്പെടേണ്ടത്. പദ്ധതികളുടെ തുക വായ്പയായി അനുവദിക്കുന്ന സാഹചര്യങ്ങളിൽ തിരിച്ചടവിന്റെ പലിശനിരക്ക് നിർണയിക്കപ്പെടുന്നത് വിവിധ ഘടകങ്ങളെ ആശ്രയിച്ചാണ്. തിരിച്ചടവ് കരാറിൽ ഏർപ്പെടുന്ന സമയത്തെ കിഫ്ബിയുടെ ആവറേജ് ബോറോയിങ് കോസ്റ്റ്, പദ്ധതിയുടെ തിരിച്ചടവ് ശേഷി, പദ്ധതിയുടെ സാമൂഹികപ്രസക്തി, എന്നിങ്ങനെ വിവിധ ഘടകങ്ങൾ പരിഗണിച്ചാണ് ഓരോ പദ്ധതിയ്ക്കും വ്യത്യസ്ത നിരക്ക് നിശ്ചയിക്കപ്പെടുക. |

സെക്ഷൻ ഓഫീസർ

**പതിനഞ്ചാം കേരള നിയമസഭയിലെ മൂന്നാം സമ്മേളനം - ബഹു. എം.എൽ.എ. ശ്രീ. എ. പി. അനിൽ കുമാർ സഭയിൽ ഉന്നയിച്ചതും, ശ്രീ. കെ. എൻ. ബാലഗോപാൽ ധനകാര്യ വകുപ്പ് മന്ത്രി 05.10.2021 ൽ മറുപടി നൽകേണ്ടിയിരുന്നതുമായ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 421 കെ ഫോൺ പദ്ധതിയിൽ കിഫ്ബി നൽകുന്ന വായ്പയുടെ പലിശ നിരക്ക് എന്ന ചോദ്യത്തിന് മറുപടി നൽകുന്നതിലുണ്ടായ കാലതാമസം വിശദമാക്കുന്ന പത്രിക.**

*ബഹു. എം.എൽ.എ സഭയിൽ ഉന്നയിച്ച ചോദ്യം താഴെ പറയുന്നവയാണ്.*

***(എ)*** കെ ഫോൺ പദ്ധതിയുമായി ബന്ധപ്പെട്ട് കിഫ്ബി നൽകുന്ന വായ്പയുടെ പലിശ നിരക്ക് നിർണയിച്ചത് പദ്ധതി നിർവഹണത്തിന്റെ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ;

***(ബി)*** കിഫ്ബി വായ്പകളിൽ തിരിച്ചടവിന്റെ പലിശനിരക്ക് നിർണയിക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ വെളിപ്പെടുത്താമോ? ടി ചോദ്യത്തിന് മറുപടി നൽകുന്നതിന് ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിലുണ്ടായ സ്വാഭാവിക കാലതാമസം അല്ലാതെ ഇക്കാര്യത്തിൽ മന:പൂർവ്വമായ കാലതാമസം വരുത്തിയിട്ടില്ല എന്ന് വിനയപൂർവ്വം അറിയിച്ചു കൊള്ളുന്നു. ഈ കാലതാമസം മാപ്പാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

KNBalagopal 22/12/21

ധനകാര്യ മന്ത്രി

K.N. BALAGOPAL
Minister for Finance
Government of Kerala